**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2585** **24-06-2024 - ൽ മറുപടിയ്ക്ക്**

**ക്വാറിയുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ക്വാറിയുടെ എൽ.ഒ.ഐ (ലെറ്റർ ഓഫ് ഇന്റന്റ്) ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കാതെ വർഷങ്ങളായി കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിച്ച് അപേക്ഷകർക്ക് മറുപടി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | അപേക്ഷയിൽ ഉണ്ടാകുന്ന അപാകതകളിനാലും, ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാലും, അപേക്ഷയെ സംബന്ധിച്ചിട്ടുള്ളതോ, പൊതുവായതോ ആയ ബഹു.കോടതികളുടെ വിധിന്യായങ്ങൾ/ ഉത്തരവുകൾ, NGT ഉത്തരവുകൾ എന്നിവയുടെയൊക്കെ കാരണത്താൽ ഉണ്ടാകുന്ന കാലതാമസം ഒഴികെ മറ്റ് അപാകതകൾ ഇല്ലാതെ മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾക്ക് താമസംവിന ആവശ്യമായ സേവനം നൽകി വരുന്നു.<br><br>നിലവിൽ കരിങ്കല്ലിന്റെ 1156 അപേക്ഷകളും ചെങ്കല്ലിന്റെ 522 അപേക്ഷകളും ഉൾപ്പെടെ ആകെ 1678 അപേക്ഷകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ 885 അപേക്ഷകളിൽ വകുപ്പിന്റെ ചട്ടപ്രകാരം ഖനനാനുമതി അനുവദിക്കാവുന്നതും മറ്റ് ലൈസൻസുകളായ പാരിസ്ഥിതികാനുമതി, മൈനിംഗ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ്, പഞ്ചായത്ത് ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാക്കുന്നതിലേയ്ക്കായി ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്. അവശേഷിക്കുന്നവയിൽ 376 അപേക്ഷകൾ ജില്ലാ ഓഫീസിലും, വകുപ്പ് ആസ്ഥാനത്തുമായി നിലവിൽ നടപടി സ്വീകരിക്കുവാനായിട്ടുണ്ട്. ബാക്കി 417 എണ്ണം അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് തിരികെ നൽകിയിട്ടുണ്ട്. അവയുടെ പരിശോധനയിലും, നടപടി പൂർത്തിയാക്കുന്നതിലും കാലതാമസം വരുന്നതായ പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ അപേക്ഷകളും പരമാവധി 45 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിനും, ആയവയുടെ വിവരം വെബ് സൈറ്റിലൂടെയും, ഡാഷ്ബോർഡിലൂടെയും പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പരിശോധിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നതും വകുപ്പ് പരിഗണിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത വകുപ്പിൽ വിവിധ സേവനങ്ങൾക്കായി സമർപ്പിച്ച എത്ര അപേക്ഷകൾ വർഷങ്ങളായി കെട്ടികിടപ്പുണ്ടെന്ന് വിശദമാക്കാമോ ? | (ബി) | അപേക്ഷയിൽ ഉണ്ടാകുന്ന അപാകതകളിനാലും, ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാലും, അപേക്ഷയെ സംബന്ധിച്ചിട്ടുള്ളതോ, പൊതുവായതോ ആയ ബഹു.കോടതികളുടെ വിധിന്യായങ്ങൾ/ ഉത്തരവുകൾ, NGT ഉത്തരവുകൾ എന്നിവയുടെയൊക്കെ കാരണത്താൽ ഉണ്ടാകുന്ന കാലതാമസം ഒഴികെ മറ്റ് അപാകതകൾ ഇല്ലാതെ മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾക്ക് താമസംവിന ആവശ്യമായ സേവനം നൽകി വരുന്നു.<br><br>നിലവിൽ കരിങ്കല്ലിന്റെ 1156 അപേക്ഷകളും ചെങ്കല്ലിന്റെ 522 അപേക്ഷകളും ഉൾപ്പെടെ ആകെ 1678 അപേക്ഷകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ 885 അപേക്ഷകളിൽ വകുപ്പിന്റെ ചട്ടപ്രകാരം ഖനനാനുമതി അനുവദിക്കാവുന്നതും മറ്റ് ലൈസൻസുകളായ പാരിസ്ഥിതികാനുമതി, മൈനിംഗ് പ്ലാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ് ലൈസൻസ്, പഞ്ചായത്ത് ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭ്യമാക്കുന്നതിലേയ്ക്കായി ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്. അവശേഷിക്കുന്നവയിൽ 376 അപേക്ഷകൾ ജില്ലാ ഓഫീസിലും, വകുപ്പ് ആസ്ഥാനത്തുമായി നിലവിൽ നടപടി സ്വീകരിക്കുവാനായിട്ടുണ്ട്. ബാക്കി 417 എണ്ണം അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് തിരികെ നൽകിയിട്ടുണ്ട്. അവയുടെ പരിശോധനയിലും, നടപടി പൂർത്തിയാക്കുന്നതിലും കാലതാമസം വരുന്നതായ പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ എല്ലാ അപേക്ഷകളും പരമാവധി 45 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിനും, ആയവയുടെ വിവരം വെബ് സൈറ്റിലൂടെയും, ഡാഷ്ബോർഡിലൂടെയും പൊതുജനങ്ങൾക്ക് പരിശോധിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നതും വകുപ്പ് പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ